A | 702

# സമഗ്രശിക്ഷാ കേരളം
# പാദവാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## കേരളപാഠാവലി

ക്ലാസ് : 7 | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറു വരെയുള്ള പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**നയാഗ്രവെള്ളച്ചാട്ടത്തിൽ വച്ച് ആഘോഷിച്ച എം.ടി. യുടെ പിറന്നാൾ അനുഭവങ്ങൾ സുഗതകുമാരി കുറിച്ചത് വായിക്കൂ.**

എം.ടി. ദേവകൾക്ക് ഇത്രത്തോളം പ്രിയപ്പെട്ടവനാണെന്ന് എനിക്ക് തിരിച്ചറിയാനായത് വിദേശത്തുവെച്ചാണ്. ആയിരമായിരം മൈലുകൾക്കപ്പുറത്തുള്ള നയാഗ്രയിൽ വെച്ച്. വെളുത്ത പതപോലെ മേഘങ്ങൾ ചിതറിപ്പാറുന്ന പരമവിശാലമായ ആകാശത്തിനു ചുവട്ടിൽ ഒരായിരം ഇടിമുഴങ്ങി പാൽക്കടൽ ഇരമ്പി മറിഞ്ഞുവരുംപോലെയുള്ള മഹാജലപ്രപാതം! സ്ഫടികനിർമിതമായ അത്യുന്നതങ്ങളിൽ നിന്ന് ഒരു ലക്ഷം മുല്ലമാലകൾ ഉതിർന്നുവീഴുംപോലെ! മഞ്ഞുകൂനകൾ ഇടിഞ്ഞിറങ്ങി വരുംപോലെ! ഒരായിരം മഴപ്പാളി ഒന്നിച്ചു പെയ്തടുക്കും പോലെ! നുരയും പതയും ചുഴിയും മലരിയും ഓളങ്ങളും തിരത്തള്ളലും തിരത്തള്ളലിന്റെ വെൺനീലപ്പച്ച കലർന്ന നിറപ്പൊലിമയും ജലകണങ്ങൾ വാരിവാരിയെറിയുന്ന തണുത്ത കാറ്റും കാറ്റിരമ്പലും പുഴയിരമ്പലും! പച്ചപ്പുല്ലും കാട്ടുപൂക്കളും പല നിറപ്പരവതാനി വിരിച്ച തീരത്ത് ഇതെല്ലാം കൺനിറയെ കണ്ടുകണ്ട് ആനന്ദഭരിതരായിരിക്കുന്ന ഞങ്ങളും- എന്തൊരു കുളിരും അഴകും ഗാംഭീര്യവുമാണീ പ്രവാഹത്തിന്!

പ്രപാതം- പതിക്കൽ

മേഘം വന്നു തൊട്ടപ്പോൾ - സുഗതകുമാരി

എ) 'സ്ഫടിക നിർമിതമായ അത്യുന്നതങ്ങളിൽ നിന്ന് ഒരു ലക്ഷം മുല്ല മാലകൾ ഉതിർന്നു വീഴും പോലെ'- സുഗതകുമാരി എവിടെയുള്ള കാഴ്ചകളാണ് വിവരിക്കുന്നത്?

(നയാഗ്ര വെള്ളച്ചാട്ടം , താജ്മഹൽ , എവറസ്റ്റ് കൊടുമുടി)

ബി) മഹാജലപ്രപാതം എന്ത് ഇരമ്പി മറിഞ്ഞുവരും പോലെയാണെന്നാണ് മുകളിൽ പറഞ്ഞിരിക്കുന്നത്?

( മുല്ലമാലകൾ , പാൽക്കടൽ , മഞ്ഞുകൂനകൾ)

സി) തണുപ്പും ചന്തവും മഹത്വവും ഉള്ള നയാഗ്ര വെള്ളച്ചാട്ടം എന്നതിനുപകരം രചനയിൽ പറയുന്ന വരി ഏത്?

( ഇരമ്പി മറിഞ്ഞു വരും പോലെയുള്ള മഹാജലപ്രപാതം, മഞ്ഞുകൂനകൾ ഇടിഞ്ഞിറങ്ങി വരുമ്പോലെയുള്ള വെള്ളച്ചാട്ടം, എന്തൊരു കുളിരും അഴകും ഗാംഭീര്യവുമാണീ പ്രവാഹത്തിന്)

ഡി) നുരയും പതയും
ചുഴിയും മലരിയും

ഇതുപോലെയുള്ള മറ്റൊരു പ്രയോഗം ബ്രാക്കറ്റിൽ നിന്നും കണ്ടെത്തുക
( മഞ്ഞുകൂനകൾ, ജലകണങ്ങൾ, കുളിരും അഴകും)

ഇ) എന്തെല്ലാം ചേർന്നാണ് പലനിറപ്പരവതാനി വിരിച്ച തീരമായി മാറുന്നത്?
(കാറ്റിരമ്പൽ, പുഴയിരമ്പൽ, പച്ചപ്പുല്ലും കാട്ടുപ്പൂക്കളും )

**പ്രവർത്തനം 2 (എ)-ഡയറിക്കുറിപ്പ്**

അമ്മയുടെ സാന്നിധ്യം ഒരു പൂച്ചെണ്ട് കാണുന്നതുപോലെ സന്തോഷകരമായിരുന്നു. വളരെ പ്രസാദവതിയും സുന്ദരിയുമായി അമ്മയെ കണ്ടപ്പോൾ എനിക്ക് എന്റെ രൂപമോർത്ത് നാണം തോന്നി.

'അവന്റെ വൃത്തികെട്ട മുഖം കണ്ട് നിങ്ങളൊന്നും വിചാരിക്കരുത് '- നേഴ്സ് അമ്മയോട് പറഞ്ഞു. അമ്മ പൊട്ടിച്ചിരിച്ചു. എന്നെ കെട്ടിപ്പിടിച്ചു ഉമ്മ വച്ചുകൊണ്ട് അമ്മ പറഞ്ഞ വാക്കുകൾ ഞാൻ ഇപ്പോഴും ഓർക്കുന്നു. "നിന്റെ എല്ലാ വൃത്തികേടുകളോടും കൂടി ഞാൻ നിന്നെ ഇപ്പോഴും സ്നേഹിക്കുന്നു".

എന്റെ കുട്ടിക്കാലം-ചാർലിചാപ്ലിൻ

അമ്മയുടെ ഈ സ്നേഹപ്രകടനം അനുഭവിച്ച ചാർലി ചാപ്ലിൻ അന്നു രാത്രി തന്നെ പ്രിയപ്പെട്ട അമ്മയെക്കുറിച്ച് ഡയറിയിൽ എന്തെല്ലാം എഴുതിക്കാണും? ആ ദിവസത്തെ ഡയറിക്കുറിപ്പ് തയ്യാറാക്കുക.

ബി) അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ എന്ന പാഠഭാഗത്തിലെ യാത്രികൻ ആരാണ്?
( രാജൻ കാക്കനാടൻ, ബിക്രം സിങ്, എസ്.കെ പൊറ്റെക്കാട്ട്)

**പ്രവർത്തനം 3 - ആസ്വാദനക്കുറിപ്പ്**

നന്മ

ലോകർക്ക് ദീപ്തിയേകുവാൻ
നിന്നുകത്തുന്നു സൂര്യൻ
ഭൂമിതൻ ദാഹമാറ്റുവാൻ
പെയ്തുതീരുന്നു മുകിൽ
അന്യർക്ക് വിശപ്പാറ്റുവാൻ
ദേഹമേകുന്നു കനി
കാണികൾക്കുത്സവം തീർക്കാൻ
തന്നെയർപ്പിപ്പൂ മലർ
ചുറ്റിലും തണലേകുവാൻ
വൃക്ഷമേൽക്കുന്നു വെയിൽ
നല്ലത് ചെയ്യുവാനെത്ര
സന്ദർഭമീ ലോകത്തിൽ

കേദാരം-വയൽ, കൃഷിസ്ഥലം

നന്മ തോന്നീടുവാൻ മനം
നന്മ ചെയ്യുവാനുടൽ
നന്മകൾ നട്ടു കൊയ്യുവാൻ
കേദാരം സജീവിതം

രാവുണ്ണി

"കണി കാണുവാൻ കാത്തിരിക്കുന്നിതവരുടെ
ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു"

എന്നു പാടിയ കണിക്കൊന്നയെ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ 'എന്ന കവിതയിലൂടെ നിങ്ങൾ വായിച്ചുവല്ലോ. രണ്ടു കവിതകളിൽ നിന്നു ലഭിച്ച ആശയങ്ങളും നിങ്ങളുടെ മനസ്സിൽ ഉണർത്തിയ ചിന്തകളും ഉൾപ്പെടുത്തി, തന്നിരിക്കുന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 4 (എ)-കത്ത്**

ജഗന് എല്ലാവിധ സമൃദ്ധിയും സമ്മാനിച്ച് യാത്ര പോലും പറയാതെ കടന്നുപോയ ചന്ദ്രേട്ടൻ ഒരു തേങ്ങലായി നമ്മളിലുണ്ടല്ലോ. ചന്ദ്രേട്ടൻ എവിടെയുണ്ടെന്ന് നമ്മൾ അറിയുന്നു. എങ്കിൽ ചന്ദ്രേട്ടന് ഒരു കത്ത് തയ്യാറാക്കൂ.

ബി) ചന്ദ്രേട്ടൻ പോയപ്പോഴാ ഒന്നു ശ്വാസം നേരെ വീണത്. അയാൾ ശരിക്കും കള്ളനായിരുന്നോ? ഇത് ആരുടെ ചോദ്യമാണ് ?

( ജഗൻ, രേഖ, മുത്തച്ഛൻ)

**പ്രവർത്തനം 5 (എ)-പത്രവാർത്ത**

> മാന്യരേ,
>
> വെട്ടം ഗവ.യു.പി.സ്കൂൾ മലയാളം ക്ലബ്ബ് തയ്യാറാക്കിയ ഗാന്ധി പതിപ്പിന്റെ പ്രകാശനം 2023 ഓഗസ്റ്റ് 14 ന് ഉച്ചയ്ക്ക് 3.00 മണിക്ക് നടക്കുന്ന ചടങ്ങിൽ പ്രശസ്ത ഗാന്ധിയൻ ശ്രീ.കെ.വി.നാരായണൻ നായർ നിർവഹിക്കുകയാണ്. സമരകാലത്തെ അനുഭവങ്ങൾ അദ്ദേഹം കുട്ടികളുമായി സംവദിക്കും. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.നൗഷാദ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രധാന അധ്യാപിക ശ്രീമതി മിനി അഗസ്റ്റിൻ സ്വാഗതം ആശംസിക്കുന്നു. പതിപ്പിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മലയാളം ക്ലബ് കൺവീനർ ആതിര വിശദീകരിക്കും. പ്രസ്തുത ചടങ്ങിലേക്ക് മുഴുവൻ രക്ഷാകർത്താക്കളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.
>
> ആദരപൂർവ്വം,
>
> ഹെഡ്മിസ്ട്രസ്
>
> പി.ടി.എ. പ്രസിഡന്റ്
>
> വെട്ടം ഗവൺമെന്റ് യു.പി.സ്കൂൾ

ഈ പരിപാടി ഗംഭീരമായി സ്കൂളിൽ നടന്നു. ഇതിനെക്കുറിച്ച് പിറ്റേദിവസത്തെ പത്രത്തിൽ വരേണ്ട വാർത്ത തയ്യാറാക്കുക.

ബി). ലളിതാംബിക അന്തർജ്ജനത്തിന്റെ ആത്മകഥയുടെ പേര്?

( അഗ്നിസാക്ഷി, കാലത്തിന്റെ ഏടുകൾ, ആത്മകഥക്കൊരാമുഖം)

**പ്രവർത്തനം 6 –താരതമ്യക്കുറിപ്പ്**

പത്മശ്രീ പുരസ്കാരം നേടിയ പ്രശസ്ത ഹിന്ദി കഥാകൃത്ത് ശ്രീമതി ശിവാനി, അവരുടെ കുട്ടിക്കാലത്ത് മഹാകവി രബീന്ദ്രനാഥ ടാഗോറിനെ സന്ദർശിച്ച അനുഭവം താഴെ കൊടുക്കുന്നു.

*ആദ്യമായി ഞാൻ ഗുരുദേവ് രബീന്ദ്രനാഥ ടാഗോറിനെ കാണുന്നത് 1935 ൽ ആയിരുന്നു. വെണ്ണക്കല്ലുപോലെ വെളുത്ത നിറം, തിളക്കമുള്ള കണ്ണുകൾ, നെറ്റിയിൽ ചന്ദനത്തിന്റെ ഒരു ഗോപി, കറുത്തുനീണ്ട ഒരൊഴുക്കൻ വസ്ത്രം, തലയിൽ കറുത്ത ഒരു തൊപ്പി. ഇതായിരുന്നു ആശ്രമത്തിലെ എല്ലാ അന്തേവാസികളും സ്നേഹിച്ചിരുന്ന ആ വ്യക്തി, മഹാൻ. എന്നാൽ വശ്യമായ ലാളിത്യം. അദ്ദേഹത്തിന്റെ കണ്ണിൽ ധനികനും പാവപ്പെട്ടവനും കുട്ടികൾക്കും വയോജനങ്ങൾക്കും എല്ലാം തുല്യമായ പരിഗണന കിട്ടിപ്പോന്നു.*

*രാവിലെ മണിയടിക്കുമ്പോൾ ചൈന, ജപ്പാൻ, ശ്രീലങ്ക, ഭാരതം എന്നീ രാജ്യങ്ങളുടെ പല ഭാഗങ്ങളിൽ നിന്നുവന്ന കുട്ടികൾ ഗ്രന്ഥാലയത്തിന്റെ മുന്നിൽ പ്രാർത്ഥനയ്ക്കായി തലകുനിച്ചു നിൽക്കും. അവരുടെ കൂട്ടത്തിൽ ചൈനയിൽ നിന്നുള്ള ബുദ്ധമതക്കാരനായ ഫാൻസുവും സുമാത്രയിൽനിന്നുള്ള ഇസ്ലാം മതവിശ്വാസിയായ ഖൈറുദ്ദീനും ഗുജറാത്തിൽ നിന്നുള്ള സുശീലയും കേരളത്തിൽ നിന്നുള്ള കുമുദിനിയും ഉണ്ടായിരുന്നു. എല്ലാവരും ഒറ്റമനസ്സായി പ്രാർത്ഥിക്കുകയായിരുന്നു. എല്ലാവരും നല്ല ചിട്ടയോടെ പെരുമാറി. ആശ്രമത്തിലെ ശാന്തതയുടെയും അച്ചടക്കത്തിന്റെയും കാരണം ഗുരുദേവന്റെ മൃദുലമായ സമീപനമായിരുന്നു.*

രബീന്ദ്രനാഥ ടാഗോറിനെ ആദ്യമായി കണ്ട അനുഭവം വായിച്ചില്ലേ.

ലളിതാംബിക അന്തർജനം ഗുരുദേവനെ ആദ്യമായി കണ്ട സന്ദർഭം നിങ്ങൾ പഠിച്ചല്ലോ. രണ്ട് അനുഭവങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.